# ഹദീസ് സ്വീകാര്യതക്കുള്ള മാനദണ്ഡങ്ങൾ

നബി(ﷺ)യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീസുകളേയും അവ റിപ്പോർട്ട് ചെയ്യുന്നവരേയും മൂന്ന് വിഭാഗമായി തരംതിരിച്ചിരിക്കുന്നു.

(ഒന്ന്) ന്യൂനതകളിൽ നിന്ന് ഏറ്റവും സുരക്ഷിതമായ ഹദീസുകൾ. ഇത് റിപ്പോർട്ട് ചെയ്യുന്നവർ നേരെ ചൊവ്വെ നിലകൊള്ളുന്നവരും ഹദീസ് വിജ്ഞാനീയത്തിൽ നിപുണരുമാണ്. അവരുടെ റിപ്പോർട്ടുകളിൽ വൈരുദ്ധ്യങ്ങളോ ആശയക്കുഴപ്പങ്ങളോ ഉണ്ടാകുന്നില്ല. ഇത്തരം ഹദീസുകളാണ് നാം പ്രഥമമായും ഉദ്ധരിക്കുക.

(രണ്ട്) ഹദീസ് വിജ്ഞാനീയത്തിലെ കാര്യക്ഷമതയിലും ഭദ്രതയിലും ഒന്നാം വിഭാഗത്തോടൊപ്പം എത്തുന്നില്ലെങ്കിലും സത്യസന്ധതയും പാണ്ഡിത്യവും ഒട്ടും കുറവില്ലാത്തവർ റിപ്പോർട്ട് ചെയ്ത ഹദീസുകൾ. ഉദാഹരണമായി അത്വാഅ് ബ്നുസാഹിബ്, യസീദ്ബ്നുഅബീസിആദ്, ലയ്സുബ്നു അബീസുലൈം തുടങ്ങിയവർ. ഇവരെല്ലാം മഹാരഥൻമാരായ ഹദീസ് നിവേദകൻമാരാണെങ്കിലും സുലൈമാനുൽ അഅ്മശ്, മൻസൂറുബ്നുമുഅ്തമിർ, ഇസ്മാഈൽ ബ്നുഅബീഖാലിദ് പോലെയുള്ള ഹദീസ് പണ്ഡിതൻമാരുമായി താരതമ്യം ചെയ്യുമ്പോൾ അവർ ഉയർന്ന ശ്രേണിയിലേക്ക് എത്തുന്നില്ല. ഈ വ്യത്യാസം ഒരു ഗുരുവിന്റെ ശിഷ്യൻമാർ തമ്മിൽ തന്നെ കണ്ടേക്കാം. താബിഈകളിൽ പ്രമുഖനായിരുന്ന ഇബ്നുസീരീന്റെ ശിഷ്യൻമാരാണ് അയ്യൂബ് സക്തിയാനിയും, സുലൈമാനുൽ അഅ്മശും. രണ്ടുപേരും സത്യസന്ധതയിലും വിശ്വസ്തതയിലും ഒട്ടും കുറവില്ലാത്ത മഹാൻമാരാണ്. എന്നാൽ ഹദീസ് വിജ്ഞാനീയത്തിൽ രണ്ടുപേർക്കും നൽകുന്ന പദവികൾ മുകളിൽ നാം പറഞ്ഞതുപോലെ ഏറെ വ്യത്യസ്തമാണ്. അയ്യൂബിന്റെ പദവി അഅ്മശിനേക്കാളും എത്രയോ ഉയർന്നതാണ്. ഇതൊരു ഉദാഹരണം മാത്രമാണ്. നാം ഗ്രഹിക്കേണ്ട വസ്തുത ഇതാണ്-ഹദീസ് പണ്ഡിതൻമാർ ഓരോ നിവേദകർക്കും നൽകുന്ന സ്ഥാനവും പദവിയും കൃത്യമായി ഗ്രഹിക്കേണ്ടതുണ്ട്. ഉയർന്ന ശ്രേണിയിലുള്ളവരെ അവരർഹിക്കുന്ന സ്ഥാനത്തും താഴ്ന്ന ശ്രേണിയി

ലുള്ളവരെ അവരുടെ സ്ഥാനത്തും തന്നെ നിലനിർത്തിക്കൊണ്ടാവണം റിപ്പോർട്ടർമാരെ മനസ്സിലാക്കേണ്ടത്. ആഇശ (ﷺ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: 'ആളുകളെ അവർക്ക് അനുയോജ്യമായ സ്ഥാനത്ത് വെക്കണമെന്ന് നബി (ﷺ) ഞങ്ങളോട് കൽപിക്കാറുണ്ടായിരുന്നു'. വിശുദ്ധ ഖുർആനും ഈ കാര്യം ഉണർത്താതിരുന്നിട്ടില്ല. അല്ലാഹു പറയുന്നു: 'അറിവുള്ള ഏതൊരാളുടെ മീതെയും (അയാളേക്കാൾ) അറുള്ളവനുണ്ട്''. —സൂറ.യൂസുഫ്: 76. ഈ രണ്ടുവിഭാഗത്തിൽ പെട്ട ഹദീസുകൾ മാത്രമാണ് നാം ഇവിടെ ക്രോഡീകരിക്കുന്നത്.

(മൂന്ന്) ഹദീസ് പണ്ഡിതൻമാരെല്ലാം അഥവാ അവരിൽ ഭൂരിപക്ഷ പേരും ആരോപണവിധേയരെന്ന് വിധിയെഴുതിയ റിപ്പോർട്ടർമാരുടെ ഹദീസുകൾ. അബ്ദുല്ലാഹി ബ്നുമിസ്വർ, അംറുബ്നു ഖാലിദ്, അബ്ദുൽഖുദ്ദൂസ് അശ്ശാമിയ്യി, മുഹമ്മദ് ബ്നുസഈദിൽമസ്ലൂബ്, ഗിയാസ് ബ്നുഇബ്രാഹീം, സുലൈമാനുബ്നു അംറ് തുടങ്ങിയവർ ഈ ഗണത്തിൽ പെട്ടവരാണ്. നബി(ﷺ)യുടെ പേരിൽ കള്ള ഹദീസുകൾ കറ്റുകെട്ടിയുണ്ടാക്കിയവരാണ് ഇവരെല്ലാം. താൻ റിപ്പോർട്ട് ചെയ്യുന്ന ഹദീസുകളിൽ മിക്കതും അബദ്ധജഡിലവും പ്രബലമായ റിപ്പോർട്ടുകൾക്ക് വിരുദ്ധവുമായ ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്നവരും ഈ ഗണത്തിൽ പെടുന്നു. ഈ വിഭാഗത്തിൽ പെട്ടവരാണ് അബ്ദുല്ലാഹിബ്നുമുഹററ്, യഹ്യാ ബ്നുഅബീഉനൈസ, അബ്ബാദ് ബ്നുകസീർ, ഉമറുബ്നുസുഹ്ബാൻ, ജറ്റാഅ് ബ്നുമിൻഹാൽ തുടങ്ങിയവർ. ഈ വിഭാഗത്തിൽ പെട്ടവരുടെ ഹദീസുകളും നാം ഉദ്ധരിക്കുകയില്ല. കാരണം ഒറ്റപ്പെട്ടു വരുന്ന ഹദീസുകൾ സ്വീകരിക്കുവാൻ പണ്ഡിതൻമാർ നിർണ്ണയിച്ച മാനദണ്ഡം വിശ്വസ്തരും സത്യസന്ധരുമായ മറ്റുള്ളവരുടെ റിപ്പോർട്ടുകളോട് യോജിച്ചുവരണം എന്നതാണ്. അങ്ങനെ യോജിച്ചുവരുന്ന റിപ്പോർട്ടിൽ കാണപ്പെടുന്ന വർദ്ധനവ് മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. ഉദാഹരണമായി ഇമാം സുഹ്രിയെ എടുക്കുക. മഹാൻമാരായ ധാരാളം ശിഷ്യൻമാർ ഉണ്ടായിരുന്ന ഹദീസ് വിജ്ഞാനത്തിൽ അതികായനായ പണ്ഡിതനായിരുന്നു അദ്ദേഹം. വിശ്വസ്തരായ ഒട്ടനവധി ശിഷ്യഗണങ്ങൾ അദ്ദേഹത്തിൽ നിന്ന് ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ ആ ശിഷ്യൻമാർക്കൊന്നും അറിയാത്തതും അവരൊന്നും റിപ്പോർട്ട് ചെയ്യാത്തതുമായ ഒരു കാര്യം അദ്ദേഹത്തിൽ നിന്ന് ആരെങ്കിലും ഉദ്ധരിച്ചാൽ അയാളുടെ ഹദീസ് സ്വീകരിക്കപ്പെടുകയില്ല.

ചുരുക്കത്തിൽ ഹദീസ് പണ്ഡിതൻമാർ സ്വീകരിച്ച നിലപാട് ഗ്രഹിക്കാൻ ഉതകുന്ന കാര്യങ്ങൾ സംക്ഷിപ്തമായി നാം വിവരിച്ചു. വാസ്തവത്തിൽ ദുർബ്ബലമായ ഹദീസുകളും ഒറ്റപ്പെട്ടു വന്ന റിപ്പോർട്ടുകളും കയ്യൊഴിച്ച് പ്രബലവും കുറ്റമറ്റതുമായ റിപ്പോർട്ടുകൾ മാത്രം അവലംബിക്കുകയാണ് ഒരു മുഹദ്ദിസിൻെറ ബാധ്യത. എന്നാൽ പലരും ഇങ്ങനെ ചെയ്യുന്നില്ല. ഇവർ ഇമാം മാലിക്, ഇമാം ശുഅ്ബ, ഇമാം സുഫ്യാനുബ്നുഉയൈന, യഹ്യ ബ്നുസഈദ്, അബ്ദുറഹ്മാനുബ്നു മഹ്ദി തുടങ്ങിയവർ റിപ്പോർട്ട് ചെയ്യരുതെന്ന് വിലക്കിയ ദുർബ്ബലരായവരിൽ നിന്നുപോലും ഹദീസുകൾ സ്വീകരിക്കുന്നു. ഇത്തരം വിരുദ്ധമായ നിലപാട് പലരും സ്വീകരിക്കുന്നത് കണ്ടതുകൊണ്ട് മാത്രമാണ് നാം ഈ കൃത്യത്തിന് മുതിരുന്നത്.

**1. കളവ് പറയുന്നവരെ മാറ്റി നിർത്തി വിശ്വസ്തരിൽ നിന്ന് മാത്രമേ ഹദീസുകൾ റിപ്പോർട്ട് ചെയ്യാവൂ...**

പ്രബലമായ ഹദീസുകൾ മാത്രം റിപ്പോർട്ട് ചെയ്യുക എന്നത് ഹദീസുകളിലെ ന്യൂനതയും പ്രാബല്യവും വേർതിരിച്ചറിയാൻ സാധിക്കുന്ന ഏതൊരാളുടെയും നിർബന്ധ ബാധ്യതയാണ്. ആരോപണ വിധേയരും, ബിദ്അത്തുകാരും റിപ്പോർട്ടർമാരായി വരുന്നത് ശ്രദ്ധിക്കുകയും വേണം.

അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്തുവന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതക്ക് നിങ്ങൾ ആപത്ത് വരുത്തുകയും എന്നിട്ട് ആ ചെയ്തതിൻെറ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.'-(സൂറ. ഹുജുറാത്: 6), 'നിങ്ങൾ ഇഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് (സാക്ഷി നിർത്തുക)' –(സൂറ. അൽബഖറ: 282), 'നിങ്ങളിൽ നിന്നുള്ള രണ്ട് നീതിമാൻമാരെ നിങ്ങൾ സാക്ഷി നിർത്തുക.' –(സൂറ. ത്വലാഖ്: 2).

ധർമ്മനിഷ്ടയില്ലാത്തവൻ പറയുന്ന വർത്തമാനം സ്വീകാര്യമല്ല, നീതിബോധമില്ലാത്തവൻെറ സാക്ഷ്യം തള്ളപ്പെടേണ്ടതാണ് എന്നിവ മേൽ ആയത്തുകൾ പഠിപ്പിക്കുന്നു. വൃത്താന്തവിവരണവും സാക്ഷി നിൽക്കലും ചില വിഷയങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും പലതിലും രണ്ടും ഒരു പോലെയാണ്. അധർമ്മകാരിയുടെ വൃത്താന്തം സ്വീകാര്യമല്ലാത്തതുപോലെ അവൻെറ സാക്ഷി

ത്വവും സ്വീകാര്യമല്ല. അത്തരക്കാർ നബി (ﷺ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസുകളും സ്വീകാര്യമല്ല.

മുഗീറത് ബ്നു ശുഅ്ബഃ (رضي الله عنه) നിവേദനം, നബി (ﷺ) പറഞ്ഞു: 'കളവാണെന്ന് താൻ മനസ്സിലാക്കുന്ന ഒരു ഹദീസ് ഒരാൾ റിപ്പോർട്ട് ചെയ്താൽ അവനും കള്ളൻമാരിൽ പെട്ടവനാണ്.'

## 2. റസൂലിൻെറ പേരിൽ കളവ് പറയുന്നതിൻെറ ഗൗരവം

عن رِبعي بنِ حراشٍ أنه سمع عليا رضي الله عنهم يخطُب قَالَ قَالَ رسولُ الله صلى اللّٰه عليه و سلم لَا تكْذبوا عليّ فَإنه من يكْذب عليّ يلجِ النار

(1). രിബ്ഇയ്യിബ്നുഹിറാശ് നിവേദനം: അലി (رضي الله عنه) പറയുന്നതായി ഞാൻ കേട്ടു, നബി (ﷺ) പറഞ്ഞു: 'നിങ്ങൾ എൻെറ പേരിൽ കളവ് പറയരുത്. ആരെങ്കിലും എൻെറ പേരിൽ കളവ് പറഞ്ഞാൽ അവൻ നരകത്തിൽ പ്രവേശിക്കും.'

عن أنسِ بنِ مالك أنه قَالَ إنه لَيمنعنِي أنْ أُحدثَكُم حديثًا كثيرا أن رسولَ الله صلى اللّٰه عليه و سلم قَالَ من تعمد عليّ كَذبا فَلْيتبوأْ مقْعده من النارِ

(2). അനസ് (رضي الله عنه) നിവേദനം, അദ്ദേഹം പറഞ്ഞു: 'ആരെങ്കിലും മനഃപൂർവ്വം എൻെറ പേരിൽ കളവ് പറഞ്ഞാൽ അവൻെറ ഇരിപ്പിടം നരകത്തിൽ ഒരുക്കിക്കൊള്ളട്ടെ' എന്ന നബി (ﷺ)യുടെ വചനമാണ് ഹദീസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നതിന് എനിക്ക് തടസ്സമാകുന്നത്.

(3). ആവർത്തനം. ഈ ഹദീസ് അബൂഹുറയ്റ (رضي الله عنه) നിവേദനം ചെയ്തത്.

عن مغيرة سمعت رسولُ الله صلى اللّٰه عليه و سلم يقُولُ إن كَذبا عليّ لَيس كَكَذبٍ علَى أَحد فَمن كَذَب عليّ متعمدا فَلْيتبوأْ مقْعده من النارِ

(4). മുഗീറഃ (رضي الله عنه) നിവേദനം, നബി (ﷺ) പറയുന്നത് ഞാൻ കേട്ടു: 'തീർച്ചയായും എൻെറ പേരിൽ കളവ് പറയുക എന്നത് മറ്റുള്ളവൻെറ പേരിൽ കളവ് പറയുന്നത് പോലെയല്ല. ഏതൊരാൾ എൻെറ മേൽ മനഃപൂർവ്വം

കളവ് പറയുന്നുവോ അവൻെറ ഇരിപ്പിടം അവൻ നരകത്തിൽ ഒരുക്കി ക്കൊള്ളട്ടെ.'

3. കേട്ടതൊക്കെ പറയുന്നതിന് വിലക്ക്

عن حفْصِ بنِ عاصمٍ قَالَ قَالَ رسولُ الله صلى اللّه علَيه و سلم كَفَى بِالْمرءِ كَذبا أَنْ يحدثَ بِكُلِ ما سمع

(5). ഹഫ്സു ബ്നുആസിം (ﷺ) നിവേദനം, അദ്ദേഹം പറഞ്ഞു: നബി (ﷺ) പറഞ്ഞു: 'കേൾക്കുന്നതൊക്കെ പറയുന്നത് തന്നെ മതി ഒരു മനുഷ്യന് കളവായിട്ട്.'

*ഇബ്നുവഹബിൽ നിന്ന് നിവേദനം, മാലിക് എന്നോട് പറഞ്ഞു: 'കേൾക്കുന്നതെല്ലാം പറയുന്ന മനുഷ്യൻ (കളവിൽ നിന്ന്) രക്ഷപ്പെടുകയില്ല. അവൻ ഒരിക്കലും അനുകരണീയനല്ല.'

*സുഫ്യാനു ബ്നുഹുസൈൻ നിവേദനം, ഇയാസുബ്നു മുആവിയ എന്നോട് ഇങ്ങനെ പറഞ്ഞു: 'നീ ഖുർആൻ വിജ്ഞാനത്തിൽ മുഴുകിയതായി കാണുന്നു. അതുകൊണ്ട് എനിക്കൊരു അധ്യായം ഓതിത്തരുകയും അത് വി ശദീകരിച്ചുതരുകയും ചെയ്യുക. നിൻെറ വിവരം എത്രമാത്രമാണെന്ന് ഞാനൊന്ന് നോക്കട്ടെ'. അപ്പോൾ ഞാനത് ചെയ്ത് കൊടുത്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ പറയുന്ന കാര്യം നീ സൂക്ഷിച്ചുകൊള്ളുക. ദുർബലമായ ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്നത് നീ കരുതിയിരിക്കുക. കാരണം അത് ചെയ്തവൻ നിന്ദിക്കപ്പെടാതിരിക്കുകയില്ല. അയാളുടെ ഹദീസ് കളവാക്കപ്പെടുകയും ചെയ്യും.'

*ഉബൈദുല്ലാഹിബ്നുഉത്ബഃ നിവേദനം, അബ്ദുല്ലാഹിബ്നുമസ്ഊദ് (ﷺ) പറഞ്ഞു: 'ഒരു ജനതയുടെ ബുദ്ധിക്ക് ഗ്രഹിക്കാൻ പറ്റാത്ത ഹദീസ് നീ അവരോട് പറഞ്ഞാൽ അത് അവരിലെ ചിലർക്ക് കുഴപ്പമാവാതിരിക്കില്ല.'

(വിശദീകരണം: എല്ലാ ഹദീസുകളും എല്ലാവരും സ്വീകരിക്കുന്നത് ഒരേപോലെയായിരിക്കില്ല. ചില ഹദീസുകൾ ഉൾക്കൊള്ളാൻ ചിലരുടെ ബുദ്ധി വളർന്നിട്ടുണ്ടാവില്ല. അത്തരമാളുകളെ ഹദീസ് സ്വീകരിക്കാൻ പര്യാപ്തമായ രൂപത്തിൽ വളർത്തിയെടുക്കേണ്ടതാണ്. അതല്ലായെങ്കിൽ

ഒറ്റയടിക്ക് അവർ ഹദീസ് നിഷേധിക്കുകയും അങ്ങനെ നാശത്തിൽ അകപ്പെടുകയും ചെയ്തേക്കാം. —വിവ)

**4. ദുർബലരിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നതിന് വിലക്ക്, ദുർബല ഹദീസുകൾ സ്വീകരിക്കുന്നത് സൂക്ഷിക്കണം**

عن أبِي هريرةَ عن رسولِ الله صلى اللّٰه علَيه و سلم أنه قَالَ سيكُونُ في آخرِ أُمتي أُناس يحدثُونكُم ما لَم تسمعوا أَنتم ولَا آباؤكُم فَإِياكُم وإِياهم

(6). അബൂഹുറയ്റ (ﷺ) നിവേദനം, നബി (ﷺ) പറഞ്ഞു: 'എന്റെ സമുദായത്തിൽ അവസാനകാലത്ത് ചില മനുഷ്യരുണ്ടാകും. നിങ്ങളോ നിങ്ങളുടെ പിതാക്കളോ കേൾക്കാത്തത് അവർ നിങ്ങളോട് പറയും. അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.'

عن أبِي هريرةَ قَالَ رسولُ الله صلى اللّٰه علَيه و سلم يكُونُ في آخرِ الزمان دجالُونَ كَذابونَ يأْتونكُم من الْأَحديث بِما لَم تسمعوا أَنتم ولَا آباؤكُم فَإِياكُم وإِياهم لَا يضلونكُم ولَا يفْتنونكُم

(7). അബൂഹുറയ്റ (ﷺ) നിവേദനം, നബി (ﷺ) പറഞ്ഞു: 'അവസാനകാലത്ത് കള്ളൻമാരായ ദജ്ജാലുകൾ ഉണ്ടാവും. നിങ്ങളോ നിങ്ങളുടെ പിതാക്കളോ കേൾക്കാത്ത ഹദീസുകളുമായി അവർ വരും. അവരെ നിങ്ങൾ സൂക്ഷിക്കുക. അവർ നിങ്ങളെ വഴിപിഴപ്പിക്കാതിരിക്കട്ടെ. കുഴപ്പത്തിലകപ്പെടുത്താതിരിക്കട്ടെ.'

*ആമിർ ബ്നുഅബദ നിവേദനം, അബ്ദില്ല പറഞ്ഞു: 'പിശാച് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടും. എന്നിട്ട് മനുഷ്യരോട് കള്ളഹദീസുകൾ പറയും. അങ്ങനെ മനുഷ്യർ പലവഴിക്ക് തിരിയുന്നു. അവരിലൊരാൾ പറയാൻ തുടങ്ങും -ഒരാൾ ഹദീസ് പറയുന്നത് ഞാൻ കേട്ടു. അയാളുടെ മുഖം ഞാനറിയും; പേരറിയില്ല.'

*അബ്ദുല്ലാഹിബ്നു അംറുബ്നിആസ്വ് പറയുന്നു, 'സമുദ്രത്തിൽ സുലൈമാൻ (ﷺ) ബന്ധിച്ച പിശാചുക്കളുണ്ട്. അവ അടുത്തുതന്നെ

പുറപ്പെടുന്നതും ജനങ്ങൾക്ക് ഖുർആൻ ഓതിക്കൊടുക്കുകയും ചെയ്യുന്നതാണ്.'

*ത്വാഊസ് നിവേദനം, ബുശൈറുബ്നുകഅ്ബ് ഇബ്നുഅബ്ബാസ് (ﷺ) ൻെറ അടുക്കൽ വന്ന് ഹദീസ് പറയാൻ തുടങ്ങി. അപ്പോൾ (ഇബ്നു അബ്ബാസ് (ﷺ)) പറഞ്ഞു: 'നീ ഇന്ന ഇന്ന ഹദീസുകൾ ആവർത്തിക്കുക.' അപ്പോൾ ആവർത്തിച്ചുകൊടുത്തു. എന്നിട്ട് ഇബ്നുഅബ്ബാസ് (ﷺ) നോട് ചോദിച്ചു: 'താകൾ ഞാൻ പറഞ്ഞ ഹദീസുകൾ മുഴുവനും അംഗീകരിക്കുകയും ഇത് (ആവർത്തിക്കാൻ പറഞ്ഞവ) നിഷേധിക്കുകയുമാണോ? അതല്ല ഞാൻ പറഞ്ഞ ഹദീസുകൾ മുഴുവനും നിഷേധിക്കുകയും ഇത് (ആവർത്തിക്കാൻ പറഞ്ഞവ) അംഗീകരിക്കുകയുമാണോ ചെയ്തത്? അപ്പോൾ ഇബ്നുഅബ്ബാസ് (ﷺ) പറഞ്ഞു: 'നബി(ﷺ) യുടെ പേരിൽ കളവ് പറയപ്പെടാത്ത കാലത്ത് ഞങ്ങൾ അദ്ദേഹത്തിൽ നിന്ന് ഹദീസുകൾ പറയാറുണ്ടായിരുന്നു. ജനം കുന്നും മേടും കയറിയിറങ്ങാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിൽ നിന്നും ഞങ്ങൾ ഹദീസ് പറയുന്നത് നിർത്തി.'

(വേണ്ടതിലും വേണ്ടാത്തതിലുമൊക്കെ ജനം വ്യാപൃതരായി എന്ന് സാരം. – ഇമാം നവവി 1/40)

*മുജാഹിദ് നിവേദനം, ഒരിക്കൽ ബുശൈറുൽഅദവിയ്യ് ഇബ്നുഅബ്ബാസ് (ﷺ)ൻെറ അടുക്കൽ വന്ന് 'നബി (ﷺ) പറഞ്ഞിരിക്കുന്നു... നബി(ﷺ) പറഞ്ഞിരികുന്നു' എന്നുപറഞ്ഞ് ഹദീസുകൾ പറയാൻ തുടങ്ങി. ഇബ്നുഅബ്ബാസ് (ﷺ) ആകട്ടെ അദ്ദേഹത്തിന് അനുവാദം നൽകുകയോ അങ്ങോട്ട് തിരിഞ്ഞുനോക്കുകയോ ചെയ്തില്ല. അപ്പോൾ അദ്ദേഹം ചോദിച്ചു: 'ഹേ, ഇബ്നുഅബ്ബാസ്, ഞാൻ നബി (ﷺ) യിൽ നിന്ന് ഹദീസുകൾ പറഞ്ഞിട്ട് നിങ്ങളെന്താണ് കേൾക്കാത്തത്?' അപ്പോൾ ഇബ്നുഅബ്ബാസ് (ﷺ) പറഞ്ഞു: 'ഒരു കാലത്ത് നബി (ﷺ) പറഞ്ഞു എന്ന് പറയുന്നത് ഞങ്ങൾ കേട്ടാൽ ഞങ്ങളുടെ കണ്ണുകൾ അദ്ദേഹത്തിലേക്ക് ധൃതിപ്പെട്ട് നോക്കുകയും ചെവികൾ അദ്ദേഹത്തിലേക്ക് ശ്രദ്ധിച്ച് കേൾക്കുകയും ചെയ്തിരുന്നു. എന്നാൽ ജനം ഉയരത്തിലും താഴത്തും കയറിയിറങ്ങിയപ്പോൾ ഞങ്ങൾക്ക് പരിചയമുള്ള ഹദീസുകൾ മാത്രം ജനങ്ങളിൽ നിന്നും ഞങ്ങൾ സ്വീകരിക്കാൻ തുടങ്ങി.'

*ത്വാഊസ് നിവേദനം: അലി(ﷺ)ന്റെ വിധികൾ ഇബ്നുഅബ്ബാസ്(ﷺ)ന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. അപ്പോൾ അദ്ദേഹം കൈതണ്ടിന്റെ വലിപ്പം ഒഴികെയുള്ളതെല്ലാം മായ്ച്ചുകളഞ്ഞു. (അലി(ﷺ)യുടെ പേരിൽ ശിയാക്കൾ കെട്ടിയുണ്ടാക്കിയവയാണ് മായ്ച്ചുകളഞ്ഞത്.)

*അബൂഇസ്ഹാഖിൽ നിന്ന് നിവേദനം: അലിയ്യുബ്നുഅബൂത്വാലിബ്(ﷺ) ന്റെ മരണശേഷം അവർ (ശിയാക്കൾ) പലതും പുതുതായി കൂട്ടിച്ചേർത്തപ്പോൾ അലി(ﷺ)ന്റെ കൂട്ടരിൽപെട്ട ഒരാൾ പറഞ്ഞു: 'അല്ലാഹു അവരെ ശപിക്കട്ടെ ! എത്ര നല്ല വിവരമാണ് അവർ നശിപ്പിച്ചത് !.'

*മുഗീറത്ബ്നുശുഅ്ബഃ (ﷺ) പറയുന്നു, 'അലി(ﷺ)വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസുകളിൽ സത്യം പറഞ്ഞിരുന്നത് അബ്ദുല്ലാഹിബ്നുമസ്ഊദ് (ﷺ) ന്റെ ആൾക്കാർ മാത്രമായിരുന്നു.'

**5. സനദ് പറയൽ മതത്തിൽ പെട്ടതാണ്. വിശ്വസ്തരിൽ നിന്ന് മാത്രമേ റിപ്പോർട്ട് ചെയ്യാൻ പാടുള്ളൂ.**

റിപ്പോർട്ടർമാരെ ആക്ഷേപിക്കൽ അനുവദനീയമാണ്-ചിലപ്പോൾ നിർബന്ധമാണ്- അത് നിഷിദ്ധമാക്കപ്പെട്ട പരദൂഷണത്തിൽ പെടില്ല. കാരണം അത് പവിത്രമായ ശരീഅത്തിനെ സംരക്ഷിക്കലാണ്.

*മുഹമ്മദ് സീരീൻ പറയുന്നു: 'തീർച്ചയായും ഈ (ഹദീസ്) വിജ്ഞാനം മതമാണ്. അതുകൊണ്ട് ആരിൽ നിന്നാണ് നിങ്ങളുടെ മതം സ്വീകരിക്കുന്നത് എന്ന് നല്ലവണ്ണം നോക്കുക'.

*ഇബ്നുസീരീൻ പറയുന്നു: 'നിവേദകൻമാരെപ്പറ്റി ആദ്യകാലത്ത് ആരും അന്വേഷിക്കാറുണ്ടായിരുന്നില്ല. എന്നാൽ കുഴപ്പം സംഭവിച്ചപ്പോൾ നിങ്ങളുടെ റിപ്പോർട്ടർമാരുടെ പേര് പറയൂ എന്ന് ആവശ്യപ്പെടാൻ തുടങ്ങി. എന്നിട്ട് അഹ്ലുസ്സുന്നത്തിലേക്ക് നോക്കി അവരുടെ ഹദീസ് സ്വീകരിക്കപ്പെടുകയും, ബിദ്അത്തുകാരെ നിരീക്ഷണം നടത്തി അവരുടെ ഹദീസ് തള്ളുകയും ചെയ്തു.'

*സുലൈമാൻ ബ്നുമൂസ നിവേദനം, ഞാൻ ഒരിക്കൽ ത്വാഊസിനെ കണ്ടപ്പോൾ പറഞ്ഞു: 'ഇന്ന വ്യക്തി ഇന്നിന്ന ഹദീസുകളെല്ലാം എനിക്ക്

പറഞ്ഞുതന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അദ്ദേഹം വിശ്വസ്തനും അവലംബനീയനുമാണെങ്കിൽ ഹദീസ് സ്വീകരിച്ചുകൊള്ളുക'.

*അബുസ്സിനാദിൽ നിന്ന് നിവേദനം, 'ഞാൻ മദീനയിൽ നൂറുപേരെ കണ്ടുമുട്ടി. എല്ലാവരും വിശ്വസ്തരാണ്. പക്ഷെ അവരിൽ നിന്ന് ഹദീസ് സ്വീകരിക്കപ്പെടുകയില്ല. ഹദീസിന് പറ്റിയവരല്ല ഇവരെന്ന് പറയപ്പെടാറുണ്ടായിരുന്നു.'

(ഹദീസിൻെറ വിഷയത്തിൽ അത് മനഃപാഠമാക്കുക, ഭദ്രമായി സൂക്ഷിക്കുക, റിപ്പോർട്ടർമാരെ സൂക്ഷ്മമായി പരിശോധിക്കുക തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ ആഴത്തിൽ ഇറങ്ങിച്ചെന്നവർക്കേ അത് നിവേദനം ചെയ്യാനും അതിൽ വിജയിക്കുവാനും സാധിക്കൂ. സത്യസന്ധരായി ജീവിക്കുന്നു എന്നതുകൊണ്ടുമാത്രം ഒരാളിൽ നിന്ന് ഹദീസ് സ്വീകരിക്കപ്പെടണമെന്നില്ല. കാരണം റിപ്പോർട്ടർമാരെ കുറിച്ചുള്ള അറിവില്ലായ്മ നിമിത്തം അദ്ദേഹത്തിനും തെറ്റുപറ്റാൻ സാധ്യതയുണ്ടല്ലോ. –വിവ.)

*സഅദ് ബ്നുഇബ്രാഹീം പറയുന്നു: 'സത്യസന്ധൻമാരല്ലാതെ നബി (ﷺ) യിൽ നിന്നും ഹദീസ് റിപ്പോർട്ട് ചെയ്യരുത്.'

*അബ്ദുല്ലാഹിബ്നു മുബാറക് പറയുന്നു: 'സനദ് വ്യക്തമാക്കൽ (ഹദിസ് റിപ്പോർട്ട് ചെയ്തത് ആര് ആരിൽ നിന്ന് എന്ന് പറയൽ) മതത്തിൽ പെട്ടതാണ്. അതില്ലായിരുന്നുവെങ്കിൽ തോന്നിയവൻ തോന്നിയത് പറയുമായിരുന്നു.'

*അബ്ബാസ് ബ്നുഅബീരിസ്മ പറയുന്നു, അബ്ദുല്ല പറയുന്നത് ഞാൻ കേട്ടു: 'നമുക്കും മറ്റു ജനതക്കുമിടയിലുള്ള വ്യത്യാസം നിവേദകൻമാരുടെ പരമ്പര പറയലാണ്.'

*അബൂഇസ്ഹാഖ് പറഞ്ഞു, ഞാൻ അബ്ദുല്ലാഹിബ്നു മുബാറക്കിനോട് ചോദിച്ചു: 'ഹേ, അബൂ അബ്ദുറഹ്മാൻ, നീ നമസ്കരിക്കുന്നതോടൊപ്പം നിൻെറ മാതാപിതാക്കൾക്ക് വേണ്ടിയും നമസ്കരിക്കുക എന്നതും നീ നോമ്പ് നോൽക്കുന്നതോടൊപ്പം അവർക്ക് വേണ്ടിയും നോമ്പ് നോൽക്കുക എന്നതും പുണ്യത്തിന് ശേഷമുള്ള പുണ്യമാണ് എന്ന ഹദീസിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?'. അപ്പോൾ അബ്ദുല്ല ചോദിച്ചു: 'ഓ, അബൂഇസ്ഹാഖ്,

ആരിൽ നിന്നാണ് ഈ ഹദീസ്?'. ഞാൻ പറഞ്ഞു: 'ഇത് ശിഹാബ് ബ്നു ഖിറാശിൻെറ ഹദീസിൽ നിന്നാണ്.' അദ്ദേഹം പറഞ്ഞു: 'വിശ്വസ്തൻ.. അദ്ദേഹത്തിനിത് എവിടെനിന്ന് കിട്ടി ?'. ഞാൻ പറഞ്ഞു: 'ഹജ്ജാജ് ബ്നുദീനാറിൽ നിന്ന്.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'വിശ്വസ്തൻ തന്നെ. അദ്ദേഹത്തിന് എവിടെ നിന്ന് കിട്ടി?' ഞാൻ പറഞ്ഞു: 'അദ്ദേഹം അത് നബി (ﷺ) യിൽ നിന്ന് കേട്ടതാണ്.' അപ്പോൾ അദ്ദേഹം (അബ്ദുല്ലാഹിബ്നു മുബാറക്) പറഞ്ഞു: ഓ, അബൂഇസ്ഹാഖ്, തീർച്ചയായും ഹജ്ജാജിനും നബി (ﷺ) ക്കുമിടയിൽ യാത്രക്കാർ ഒറ്റപ്പെട്ടുപോവുന്ന വമ്പിച്ച അകലമുണ്ട്. എന്നാൽ മാതാപിതാക്കൾക്ക് വേണ്ടി ദാനം ചെയ്യുന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല.'

(ഹജ്ജാജ് ബ്നുദീനാർ താബിഉത്താബിഈ ആണ്. ഏറ്റവും ചുരുങ്ങിയത് അദ്ദേഹത്തിനും റസൂലിനുമിടയിൽ രണ്ടാളെങ്കിലും മുറിഞ്ഞു പോയിട്ടുണ്ട്. അതിനാൽ മേൽ പറഞ്ഞ ഹദീസ് ദുർബ്ബലമാണ് എന്ന് സാരം. എന്നാൽ മാതാപിതാക്കൾക്ക് വേണ്ടി മക്കൾക്ക് ദാനം ചെയ്യാമെന്ന വിഷയത്തിൽ വന്ന ഹദീസുകൾ സ്ഥിരപ്പെട്ടതാണ്. –വിവ.)

*അലിയ്യുബ്നുശഖീഖ് പറയുന്നു: ജനസഞ്ചയത്തോട് അബ്ദുല്ലാഹിബ്നു മുബാറക് വിളിച്ചുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'അംറുബ്നു സാബിതിൻെറ ഹദീസുകൾ നിങ്ങൾ ഒഴിവാക്കുക. അയാൾ സച്ചരിതരായ പൂർവ്വികരെ തെറി വിളിക്കാറുണ്ട്.'

### 6. 'അൻഅനത്' ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഹദീസുകൾ

(തന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ടോ ഇല്ലേ അഥവാ താൻ നേരിട്ട് കേട്ടിട്ടുണ്ടോ ഇല്ലേ എന്ന് വ്യക്തമാക്കാതെ ഇന്ന ആൾ പറഞ്ഞു എന്ന പരാമർശത്തിൽ പരിമിതമാക്കി ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്നതിനെയാണ് 'അൻഅനത്' എന്ന് സാമാന്യമായി പറയുന്നത്. ഇത്തരം ഹദീസുകൾ സ്വീകരിക്കുന്നതിൽ ഇമാം ബുഖാരിയും മുസ്ലിമും വ്യത്യസ്ത വീക്ഷണം പുലർത്തുന്നവരാണ്. റിപ്പോർട്ട് ചെയ്യുന്നവനും റിപ്പോർട്ട് ചെയ്യപ്പെടുന്നവനും സമകാലീനരാണെങ്കിൽ അവരുടെ സത്യസന്ധതയും വിശ്വസ്തതയും പരിശോധിച്ച് അവരുടെ ഹദീസുകൾ സ്വീകരിക്കാവുന്നതാണ് എന്ന് ഇമാം മുസ്ലിം വീക്ഷിക്കുന്നു. എന്നാൽ സമകാലീനത കൊണ്ട് മാത്രമായില്ല

അതോടൊപ്പം അവർ പരസ്പരം കണ്ടുമുട്ടിയിട്ടുണ്ട് എന്നതിന് എന്തെകിലും പ്രമാണവും കൂടി ആവശ്യമാണ് എന്ന വീക്ഷണമാണ് ഇമാം ബുഖാരിയുടേത്. ഈ നിബന്ധന കണിശമായും പാലിച്ചുകൊണ്ടാണ് അദ്ദേഹം സ്വഹീഹുൽ ബുഖാരി തയ്യാറാക്കിയത്. കൂടുതൽ കണിശതക്ക് വേണ്ടി ബുഖാരി നിർണ്ണയിച്ച ഈ നിബന്ധന അനാവശ്യമാണ് എന്ന് അനേകം തെളിവുകളിലൂടെ വ്യക്തമാക്കുകയാണ് ഈ അധ്യായത്തിൽ ഇമാം മുസ്‌ലിം ചെയ്യുന്നത്. തമ്മിൽ കാണണമെന്ന ബുഖാരിയുടെ നിബന്ധന ഹദീസുകളെ കൂടുതൽ പ്രബലപ്പെടുത്തുന്നുവെന്നതിൽ സംശയമില്ല. എന്നാൽ ഹദീസുകൾ സ്വീകരിക്കുന്നതിന് അതൊരു നിബന്ധനയാക്കുന്നത് ശരിയല്ല എന്ന മുസ്‌ലിമിന്റെ വീക്ഷണത്തോട് യോജിക്കുന്നവരാണ് പൊതുവിൽ എല്ലാ ഹദീസ് പണ്ഡിതൻമാരും.)

ഇമാം മുസ്‌ലിം എഴുതിയ മുഖദ്ദിമയുടെ സംഗ്രഹം മാത്രമാണിത്. ഹദീസ് സംബന്ധമായി ആഴത്തിൽ പഠനം നടത്തുന്നവർക്ക് മാത്രം ഉപകരിക്കുന്ന സാങ്കേതിക ചർച്ചകളും മറ്റും ഒഴിവാക്കി സാധാരണക്കാർക്ക് മനസ്സിലാക്കാവുന്ന രീതിയിലാണ് സംഗ്രഹം തയ്യാറാക്കിയത്. -പ്രസാധകർ.

അവലംബം :
**സ്വഹീഹ് മുസ്‌ലിം സമ്പൂർണ്ണ മലയാള പരിഭാഷ**
(മൂന്ന് വാല്യങ്ങൾ)

പ്രസാധനം:
**ഇൻസാഫ് പബ്ലിഷേഴ്സ്**

